The Diwan Peishkar's Proceedings granting time to certain clerks for passing special tests.

258. **Mr. P. Kumaran Ezhuthassan.**—Will the Government be pleased to place on the Council table Diwan Peishkar's Proceedings dated 9th Mithunam 1106, Dis. 344 of 1106 and the papers read therein, granting time to a few clerks to pass special Test Examinations;

(b) have these clerks subsequently passed these examinations within the period?

Rao Bahadur Mr. T. V. Kasturi Ranga Ayyar.—(a) Copy of the Diwan Peishkar's Proceedings dated 9th Mithunam 1106, Dis. 344/R/1106, together with copies of the papers read therein, viz., Diwan's Circular dated 13th May 1931, Diwan Peishkar's letter dated 29th Edavam 1106, S. C. 1510 of 1106 to the Secretary to the Diwan and Diwan's Proceedings dated 4th June 1931, Dis. 3054/D/1106 are appended. (*Appendix II.*)

(b) Of the clerks referred to, three, viz., K. Ravunni Marar, K. S. Achyutan and E. D. Francis have passed the Revenue and Survey Tests and C. R. Krishna Ayyar has passed the Revenue Test.

Small-pox in Desamangalam.

259. മിസ്റ്റർ ടി. കെ. നായർ.—താഴെ ചേർത്തതിനു് ശവമ്മെണ്ടു് ദയവായി പറുപടി പറയുമോ;—

(എ) ദേശമംഗലം വില്ലേജിൽ വസൂരി ദിനം തുടങ്ങിയിട്ടു് എത്രകാലമായി;

(ബി) അവിടെ ഈ രോഗം ബാധിച്ചിട്ടുള്ളതായി ശവമ്മെണ്ടിനു് അറിവുകിട്ടിയതു് എപ്പോഴാണു്;

(സി) ഈ രോഗത്തിൽ ഇപ്പോൾ എത്രപേർ മരിച്ചു;

(ഡി) ഇപ്പോൾ എത്ര പേർക്കു രോഗമുണ്ടു്;

(ഇ) ശവമ്മെണ്ടു് ഈ വിഷയത്തിൽ എന്തെല്ലാം പ്രവൃത്തിച്ചു;

(എഫ്) ഹെൽത്തു് ആഫീസർ സ്ഥലത്തു പോയൊ;

(ജി) എന്നാണു പോയതു്;

(എച്ച്) ദരിദ്രരായ രോഗികളെ ശുശ്രൂഷിക്കുവാൻ വല്ല സൌകര്യവും ശവമ്മെണ്ടു ചെയ്തിട്ടുണ്ടോ?

രാമവർമ്മതമ്പുരാൻ.—(എ) ദിനം തുടങ്ങിയതിപ്രകാരമായി അറിവുകിട്ടുകയുണ്ടായില്ല. മെയ്മാസത്തിൽ ചില വീടുകളിൽ നല്ലവണ്ണം അറിവുകിട്ടി.

LIBRARY ARCHIVES Kerala Legislative Assembly

ഛ) നെല്ലുവായി വില്ലേജിൽ കുട്ടഞ്ചേരി ദേശത്ത് ഒരു രോഗിയെ ദേശമംഗലത്തുനിന്നും കൊണ്ടുവരപ്പെട്ടതു് അന്വേഷണം നടത്തിയപ്പോൾ ദേശമംഗലത്ത് വസൂരിദീനമുള്ളതായി അറിഞ്ഞു. അതു ധനു ഛ ഛ -ാംനു-യാണു്.

(ന) മകരം ഛ ഠ -ാംനു-വരെ ഛ ന്യ പേർ മരിച്ചിട്ടുണ്ടു്.

(ര) മകരം ഛഠ-ാംനു-വരെ ങ്ങ പേക്കു രോഗം ബാധിക്കുകയും അവരിൽ ഫ ങ്ങ പേർ കുളിക്കുകയും ചെയ്തിരിക്കുന്നു. ബാക്കി ഫ ർ പേർ നിലവിലുണ്ടു്.

(ങ) കുത്തിവെപ്പു് (Vaccination and re-vaccination) മുറുക്കു നടത്തിവരുന്നുണ്ടു്. ധനു ഛ ർ -ാംനു- മുതൽ മകരം ഛഛ-ാംനു-വരെ ന്യ പേരെ കുത്തിവച്ചു. കഴിയുന്നിടത്തോളം ആളുകളെ മാറ്റി താമസിപ്പിച്ചു. നിസ്സഹായകളായ രോഗികൾക്കു ചിലവിനു് കൊടുത്തും വരുന്നുണ്ടു്. വസൂരിദീനത്തെപ്പറ്റിയും അതു പരക്കാതിരിപ്പാനുള്ള നിവാരണമാർഗ്ഗങ്ങളെകുറിച്ചും വില്ലേജു് നിവാസികൾക്കു് ഉപദേശം നല്കിയും ലഘുപത്രികകൾ വിതരണം ചെയ്തും magic lantern മുഖേനയും മറ്റും ശ്രമങ്ങൾ ചെയ്തുവരുന്നു.

(ന) ഉവ്വു്, സ്ഥലം പരിശോധിക്കുകയും രോഗികളെ സന്ദർശിക്കുകയും സാധുക്കളായ രോഗികൾക്കു ചിലവിനു കൊടുപ്പാൻ അനുവദിക്കുകയും മറ്റും ചെയ്തു.

(ഠ) ഫ ഫ ഠ വ ധനു ഛ ർ -ാംനു-.

(വ) ഉവ്വു്.

മിസ്റ്റർ ടി. കെ. നായർ.—ദേശമംഗലം വില്ലേജിലെ വസൂരിദീനത്തെപ്പറ്റി ഗവമ്മെണ്ടിലേയ്ക്കു് അറിവു കിട്ടിയതു് നെല്ലുവായിൽ നിന്നാണെന്നു മറുപടിയിൽ കാൺന്നു. ദേശമംഗലത്തുള്ള വിവരങ്ങളൊക്കെ സാധാരണയായി ഗവമ്മെണ്ടിലേക്കു കിട്ടുന്നതു് ഈ നെല്ലുവായ് വഴിക്കാണോ എന്നറിഞ്ഞാൽ കൊള്ളാം.

രാമവമ്മതമ്പുരാൻ.—ഇതു് അങ്ങിനെ കിട്ടിയെന്നു മാത്രം.

മിസ്റ്റർ ടി. കെ. നായർ.—ആരാണു് നെല്ലുവായിൽ നിന്നും അറിവു തന്നതു്?

രാമവമ്മതമ്പുരാൻ.—ആക്കൊ രോഗികളെ കാണുവാൻ ഇടവന്നു. അവർ വഴി ഗവമ്മെണ്ടിനും അറിവു കിട്ടി.

മിസ്റ്റർ ടി. കെ. നായർ.—ആ ആളു് ആരാണു്; നാനിട്ടറി ഇൻസ്പെക്ടരായിരുന്നുവോ?

രാമവമ്മതമ്പുരാൻ.—സാനിട്ടറി ഇൻസ്പെക്ടർ മുഖാന്തിരം ഡീറെയിൽസ് ആയി ഒന്നും കിട്ടീട്ടില്ല.

മിസ്റ്റർ ടി. കെ. നായർ.—പിന്നെ ആ ആളു് ആരാണു്? ദേശമംഗലത്തുള്ള ആരെങ്കിലുമായിരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

രാമവമ്മരന്പൂരാൻ.—ആതെ.

മിസ്റ്റർ ടി. കെ. നായർ.—ഈ സുഖക്കേടിനെപ്പററി വില്ലേജ് ഉദ്യോഗസ്ഥന്മാരുടെ വല്ല റിപ്പോട്ടും കിട്ടീട്ടുണ്ടോ

രാമവമ്മരന്പൂരാൻ.—കിട്ടീട്ടുണ്ട്.

മിസ്റ്റർ ടി. കെ. നായർ.—ദേശമംഗലം വില്ലേജ് ഉദ്യോഗസ്ഥന്മാരുടെ റിപ്പോട്ടിൽ ഈ സുഖക്കേടിനെപ്പററി വല്ലതും രേഖപ്പെടുത്തീട്ടുണ്ടോ?

രാമവമ്മരന്പൂരാൻ.—ദേശമംഗലത്തു് അങ്ങിനെയൊന്നില്ലെന്നാണു കാണുന്നതു്.

മിസ്റ്റർ ടി. കെ. നായർ.—ഇങ്ങനെ ഒന്നു് ഉള്ളതായി അറിവു കിട്ടിയ സ്ഥിതിക്കു് എന്തുകൊണ്ടു റിപ്പോട്ടു് ചെയ്യാത്തതെന്നു് ഗവമ്മെണ്ടിൽ നിന്നും അന്വേഷിക്കയുണ്ടായോ?

രാമവമ്മരന്പൂരാൻ.—അന്വേഷിച്ചുകഴിഞ്ഞിട്ടില്ല.

മിസ്റ്റർ ടി. കെ. നായർ.—അന്വേഷിച്ചു തുടങ്ങിയോ?

രാമവമ്മരന്പൂരാൻ.—തുടങ്ങും: തുടങ്ങീട്ടില്ല.

മിസ്റ്റർ ടി. കെ. നായർ.—ഈ രോഗത്തിനു് ഗവമ്മെണ്ടു് എന്തെല്ലാം പ്രവൃത്തിച്ചു എന്നുള്ള സബ്ഡിവിഷൻ അഞ്ചാം ചോദ്യത്തിനു് കുത്തിവെപ്പു മുറുക്കു നടത്തിവരുന്നുണ്ടു്. ധനു റ. ർ -ാംനു- മുതൽ മകരം റ റ -ാംനു- വരെ ന്യൂ ഠ പേരെ കുത്തിവച്ചു. ഈ കുത്തിവച്ചതിന്റെ കണക്കു് ഗവമ്മെണ്ടിനു കിട്ടിയതു് ഏതു വഴിക്കാണെന്നു പറയാമോ?

രാമവമ്മരന്പൂരാൻ.—അതു് സാനിട്ടറി ഡിപ്പാർട്ടുമെന്റു് വഴിക്കു് ഡയറക്ടർ ആഫ് പബ്ലിക്കു് ഹെൽത്തിനു് റിപ്പോട്ടു കിട്ടും. ആ വഴി ഗവമ്മെണ്ടിനും അറിവു കിട്ടിയതാണു്.

മിസ്റ്റർ ടി. കെ. നായർ.—കുത്തിവച്ചതിനു ശേഷം അതിനു ശരിയായ പരിശോധനം നടത്തുന്നുണ്ടോ?

രാമവമ്മരന്പൂരാൻ.—ഉണ്ടു്.

മിസ്റ്റർ ടി. കെ. നായർ.—നിസ്സഹായകരും ദരിദ്രരുമായിട്ടുള്ള രോഗികൾക്കുവേണ്ടി ദേശമംഗലത്തെയ്ക്കു് എത്ര സംഖ്യ വിലവരയിട്ടുണ്ടു്.

രാമവമ്മരന്പൂരാൻ.—എത്ര ഉറുപ്പികയാണെന്നു് അറിവില്ല. നോട്ടീസു് വേണം.

മിസ്റ്റർ ടി. കെ. നായർ.—വല്ലസംഖ്യയും വിലവരയിട്ടുണ്ടോ എന്നു് ഗവമ്മെണ്ടിനു് അറിവുണ്ടോ?

രാമവമ്മരന്പൂരാൻ.—റിപ്പോർട്ടു കിട്ടിയിട്ടുള്ളതു സാധുക്കൾക്കു കൊടുക്കുന്നുണ്ടെന്നാണു്. എത്ര ഉറുപ്പിക വിലവരയിട്ടുണ്ടെന്നു് അറിയുന്നില്ല.

മിസ്റ്റർ ടി. കെ. നായർ.—ആളുകളെ മാററി താമസിപ്പിച്ചു എന്നു കാണുന്നു. എത്ര ആളുകളെ മാററി താമസിപ്പിച്ചു എന്നു് അറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

രാമവമ്മതമ്പുരാൻ.—അതും അറിഞ്ഞുകൂടാ.

മിസ്റ്റർ ടി. കെ. നായർ.—മക്രം ഫ -ാംനു-വരെ ഇ ഇ പേ ക്കു രോഗം ബാധിക്കുകയും അതിൽ ഫ ന്നു പേർ മരിക്കുകയും പതി നഞ്ചുപേർ കുളിക്കുകയും ഏ ർ പേർ നിലവിലിരിക്കുകയും ചെയ്യു ന്നു എന്നു് പറഞ്ഞുകാണുന്നു. അവക്കു ഒരു ഷെഡ്ഡോ മറ്റൊ പ ണിയിച്ചിട്ടുള്ളതായി ഗവമ്മെണ്ടിനു അറിവുണ്ടോ?

രാമവമ്മതമ്പുരാൻ.—ഇല്ല.

മിസ്റ്റർ ടി. കെ. നായർ.—പണിയിച്ചിട്ടില്ലെന്നോ പണിയി ച്ചിട്ടുള്ളതായി അറിവില്ലെന്നോ?

രാമവമ്മതമ്പുരാൻ.—ഷെഡ്ഡു് പണിയിച്ചിട്ടുള്ളതായി ഗവ മ്മെണ്ടിനു് അറിവില്ല.

മിസ്റ്റർ ടി. കെ. നായർ.—ഈ വക കാര്യങ്ങളിൽ മുനിസി പ്പാലിറ്റിയിൽനിന്നും ഷെഡ്ഡു് കെട്ടികൊടുത്തു് രോഗികളെ താ മസിപ്പിച്ചുവരുന്നുണ്ടോ?

രാമവമ്മതമ്പുരാൻ.—ഔണലിൽ അങ്ങിനെ ചെയ്യാറുണ്ടു്.

മിസ്റ്റർ ടി. കെ. നായർ.—ഔണലിലും ഉൾനാടുകളിലും ഈ രോഗത്തിനുള്ള വ്യത്യാസം എന്താണെന്നു് ഗവമ്മെണ്ടിൽനിന്നു പറഞ്ഞാൽ കൊള്ളാം.

രാമവമ്മതമ്പുരാൻ.—ഔണലാകുമ്പോൾ ആളുകൾ അടു ത്തടുത്തു് താമസിക്കുന്നതുകൊണ്ടു് ഈ രോഗം വേഗത്തിൽ പക രും. ഉൾനാടുകളിലാകുമ്പോൾ അതിനിടയില്ല. ആ സ്ഥിതിക്കു് എല്ലാ വില്ലേജുകളിലും ഇങ്ങിനെ ഷെഡ്ഡു് കെട്ടി കൊടുക്കണമെ ന്നുവന്നാൽ വളരെ ബുദ്ധിമുട്ടാണു്. പണച്ചിലവുള്ള കാര്യമാണു്. അതുകൊണ്ടു് അതു നടപ്പിൽ വന്നിട്ടില്ല.

മിസ്റ്റർ കെ. ജി. നായർ.—വാക്സിനേഷൻകൂടാതെ രോഗനി വാരണത്തിനുവേണ്ടി ആ സ്ഥലത്തു് എന്തെല്ലാം പ്രവൃത്തിച്ചിട്ടു ണ്ടെന്നു് അറിയാമോ?

രാമവമ്മതമ്പുരാൻ.—സബ്ഡിവിഷൻ ഓഫീസർ പറഞ്ഞിട്ടു ള്ളതുമാത്രമല്ലാതെ വേറെയൊന്നും ചെയ്തിട്ടില്ല.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—ഫ ന്നു പേർ മരിച്ചുവെന്നു പറ യുന്നു. അതു് ടീനമുള്ളതായി അറിവുകിട്ടിയതിനുശേഷമു ള്ള മരണമാണോ; അതോ മരിച്ചതിനുശേഷമുള്ള അറിവാ ണോ?

രാമവമ്മതമ്പുരാൻ.—മരിച്ച തിയ്യതി എന്നാണെന്നു നിശ്ച യമില്ല.

മിസ്റ്റർ ടി. കെ. നായർ.—ചില വില്ലേജുകളിലേക്കു കൂടിയെ ങ്കിലും ഒരു ഷെഡ്ഡു കെട്ടിച്ചിട്ടുണ്ടോ?

രാമവമ്മതമ്പുരാൻ.—എന്റെ അറിവിൽ മുമ്പു് ഇതിനെപ്പ റ്റി ഒരു കറസ്പോണ്ടൻസു് ഒക്കെ നടത്തി. ഒടുവിൽ പണമില്ലാ തെ അതങ്ങിനെ കിടന്നുപോയതായി ഓർമ്മയുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

ഡാക്ടർ എ. ആർ. മേനോൻ.—സാധുക്കൾക്കു പണംകൊടുക്കാതിരുന്നാൽ ഇരാണ് നോക്കുക! അവർക്കു പണംകൊടുത്തു സഹായിക്കാൻ ആളില്ലെങ്കിൽ വളരെ ബുദ്ധിമുട്ടകയില്ലേ; ഇതൊരു പകരുന്ന വ്യാധിയാണെല്ലൊ; അതുകൊണ്ട് ഗവമ്മെണ്ടു് അവരെ സഹായിക്കയല്ലേ വേണ്ടതു്?

രാമവമ്മതമ്പുരാൻ.—ഇതിനു പ്രത്യേകിച്ചു് ഒരു മറുപടിയൊന്നും ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

മിസ്റ്റർ ടി. കെ. നായർ.—ഈ ദേശമംഗലം വില്ലേജിൽ മഹമ്മദീയരുള്ളതായി ഗവമ്മെണ്ടു് ധരിച്ചിട്ടുണ്ടോ?

രാമവമ്മതമ്പുരാൻ.—മഹമ്മദീയർ ഉണ്ടു്.

മിസ്റ്റർ ടി. കെ. നായർ.—ഉണ്ടെങ്കിൽ അവരുടെ സ്ത്രീകളെ കുത്തിവെക്കുവാൻ വല്ല ഏർപ്പാടുകളും ചെയ്തിട്ടുണ്ടോ?

രാമവമ്മതമ്പുരാൻ.—അവരുടെ കായ്ത്തിൽ അതാതുസമയംപോലെ സാനിട്ടറി ഡിപ്പാർട്ടുമെണ്ടുകാർ ചെയ്തുകൊള്ളും. അതു് എല്ലാ വില്ലേജിലും ചെയ്തിട്ടുണ്ടു്. പ്രത്യേകിച്ചു് ഗവമ്മെണ്ടു് അതിനെപ്പറ്റി കല്പനയൊന്നും വച്ചിട്ടില്ല.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ.—ഗവമ്മെണ്ടു് സർവ്വീസിൽ ലേഡി വാക്സിനേറ്റർമാർ ഉണ്ടോ?

രാമവമ്മതമ്പുരാൻ.—ഉണ്ടു്. എത്രയുണ്ടെന്നു നിശ്ചയമില്ല.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ.—അതിൽ മുഹമ്മദീയ സ്ത്രീകളുണ്ടോ?

ഡാക്ടർ ഡി രാഘവേന്ദ്രറാവു.—ഉണ്ടു്. ബഹുമാനപ്പെട്ട ക്രാങ്ങനൂർ മൊയുടെ ദിക്കിൽതന്നെയുണ്ടു്.

മിസ്റ്റർ കെ. എം. ഇബ്രാഹിം.—അതു് എവിടെയാണു്. അവരുടെപേർ എന്തു്.

ഡാക്ടർ ഡി. രാഘവേന്ദ്രറാവു.—പേർ ഇപ്പോൾ നല്ല ഓർമ്മയില്ല. നബീസ എന്നാണു് തോന്നുന്നതു്.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ.—ഈ ആളുകളെ മാറ്റിതാമസിപ്പിച്ച രീതി എന്താണെന്നു് അറിഞ്ഞാൽകൊള്ളാം.

ഡാക്ടർ ഡി. രാഘവേന്ദ്രറാവു.—പകരുന്ന വ്യാധിയാണു്. നിങ്ങൾ ഇവിടെനിന്നു മാറണമെന്നു പറഞ്ഞതനുസരിച്ചു് അവർ മാറിയതാണു്.

മിസ്റ്റർ ടി. കെ. നായർ.—സാധാരണയായി രോഗം ബാധിക്കുന്ന അവസരത്തിൽ ലഘുചികിത്സകൾ മൂലവും മാജിക്ക്ലാന്റേൺമൂലവും ആണോ മെഡിക്കൽ ഡിപ്പാർട്ടുമെണ്ടിൽനിന്നു ചികിത്സ നടത്താറുള്ളതു്?

ഡാക്ടർ ഡി. രാഘവേന്ദ്രറാവു.—ഇതൊരു ഔഷധമല്ല. ജനങ്ങളുടെയിടയിൽ ഇതിനെപ്പറ്റിയുള്ള ബോധം ഉണ്ടാക്കുവാൻ വേണ്ടി ചെയ്യുന്നതാണു്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ ടി. കെ. നായർ.—ഇതു് രോഗംതുടങ്ങുന്നതിനു മുമ്പൊ പിമ്പൊ എന്നു് അറിഞ്ഞാൽകൊള്ളാം.

ഡാക്ടർ ഡി. രാഘവേന്ദ്രറാവു.—മുമ്പു ചെയ്യുന്നതാണു് അധികം ഗുണം.

മിസ്റ്റർ ടി. കെ. നായർ.—ഇപ്പോൾ ഈ ചോദ്യം വന്നിട്ടുള്ള സ്ഥിതിയ്ക്കു് ഇനിയെങ്കിലും ഇതിൽ വേണ്ടതു് ശ്രദ്ധവച്ചു ചെയ്യുമോ എന്നു് അറിഞ്ഞാൽ കൊള്ളാം.

ഡാക്ടർ ഡി. രാഘവേന്ദ്രറാവു.—ഗവമ്മെണ്ടു വേണ്ടതു ശ്രദ്ധവച്ചു ചെയ്യുന്നുണ്ടു്. ഈ ദിനം നമ്മുടെ നാട്ടിൽ ഇല്ലാതെയാക്കുവാനായി കമ്പൽസറി വാക്സിനേഷൻ നടപ്പിലാക്കാൻ ശ്രമിക്കുന്നുമുണ്ടു്.

മിസ്റ്റർ ടി. കെ. നായർ.—ദേശമംഗലം വില്ലേജിൽ ഈ സുഖക്കേടു വരുന്നതുകൊണ്ടു് സാധുക്കളുടെ രക്ഷയ്ക്കു് എന്തെങ്കിലുംമാർഗ്ഗംചെയ്യുവാൻ ദയവുണ്ടാകുമോ എന്നാണു് ഞാൻ ചോദിക്കുന്നതു്. എന്റെ ചോദ്യത്തിൽ കമ്പൽസറി വാക്സിനേഷൻ വേണമെന്നു് ആവശ്യപ്പെട്ടിട്ടില്ല.

ഡാക്ടർ ഡി. രാഘവേന്ദ്രറാവു.—ദേശമംഗലം വില്ലേജിൽ മാത്രമല്ല; ഈ കൊച്ചീരാജ്യം മുഴുവനും ഈ സുഖക്കേടു് ഇല്ലാതാക്കുവാൻ വേണ്ടതു പ്രവൃത്തിക്കുവാൻ പോകുന്നുണ്ടു്.

മിസ്റ്റർ ടി. കെ. നായർ.—എന്റെ ഈ ചോദ്യം ദേശമംഗലത്തെ സംബന്ധിച്ചുള്ളതുമാത്രമാണു്. കൊച്ചിരാജ്യം ഒട്ടാകെയുള്ളതിനെപ്പറ്റി ഞാൻ ഒന്നും ആവശ്യപ്പെട്ടിട്ടില്ല. ദേശമംഗലത്തു് ഈ സുഖക്കേടുനിമിത്തം അനവധി ആളുകൾ കഷ്ടപ്പെടുന്നു; അവർക്കു് ചിലവിനു പണം കൊടുക്കുന്നില്ല; അതിലേക്കു് ഗവമ്മെണ്ടു് എന്തെങ്കിലും ദയചായി ചെയ്യണമെന്നുള്ള അപേക്ഷയാണു്. ഇതിനു മറുപടി പറയുമോ, ചെയ്യുമോയെന്നാണു് ഞാൻ ചോദിക്കുന്നതു്.

രാമവമ്മതമ്പുരാൻ—ഇപ്പോൾ ചെയ്തിട്ടുള്ള പ്രവൃത്തികൾക്കു വിവരമായ ഒരു റിപ്പോർട്ടുകിട്ടണം. ഇനിയെന്തെങ്കിലും ചെയ്യാനുണ്ടെങ്കിൽ അതു് അനുസരിച്ചു ചെയ്യുകയും ചെയ്യാം.

മിസ്റ്റർ കെ. എം. ഇബ്രാഹിം.—വസൂരി ചികിത്സക്കു നാട്ടുവൈദ്യന്മാരെ നിയമിച്ചു് അവരുടെ സഹായത്തോടുകൂടി ചികിത്സിച്ചുവരുന്നുണ്ടോ?

രാമവമ്മതമ്പുരാൻ.—നാട്ടുവൈദ്യന്മാർ ഇല്ല. പഞ്ചായത്തു വൈദ്യന്മാരുണ്ടു്. അവർ പലരേയും ചികിത്സിച്ചു സഹായിച്ചുവരുന്നുണ്ടു്.

മിസ്റ്റർ കെ. എം. ഇബ്രാഹിം.—പഞ്ചായത്തു വൈദ്യന്മാർകൂടാതെ ഈ വസൂരി ചികിത്സക്കു യോഗ്യന്മാരായ വേറെ ആളുകളും ഈ കൊച്ചീരാജ്യത്തുണ്ടെന്നറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

രാമവമ്മതമ്പുരാൻ.—അറിഞ്ഞുകൂടാ.

മിസ്റ്റർ കെ. എം. ഇബ്രാഹാം.—അന്വേഷിക്കുവാൻ ദയവുണ്ടാകുമോ?

രാമവമ്മതമ്പുരാൻ.—അന്വേഷിച്ചിട്ടില്ല. അന്വേഷിക്കുവാൻ വിരോധവുമില്ല.

മിസ്റ്റർ ജോസഫ് പൊട്ട —വസൂരി ദീനമുള്ളപ്പോൾ സാധാരണ ഈ മാജിക്കുചാന്റെണം മറ്റും നടത്തിയാൽ അത് പകച്ചുകൂടുതൽ കാരണമാകയില്ലേ?

രാമവമ്മതമ്പുരാൻ.—അതെല്ലാം നോക്കീട്ടേ സാനിട്ടറി ഡിപ്പാർട്ടുമെന്റുകാർ പ്രവൃത്തിക്കയുള്ളൂ.

ഡാക്ടർ എം. ജി. മേനോൻ.—വസൂരിദീനംപിടിച്ചു ആളുകൾ മരിച്ചത് അന്വേഷിച്ചുവോ പിന്നീടോ?

രാമവമ്മതമ്പുരാൻ.—മുമ്പാണെന്നാണ് തോന്നുന്നത്.

Construction of an out-patient building in the Kunnamkulam Hospital.

260. Mr. K. T. Mathew.—Will the Government be pleased to state:—

(a) whether the Chief Medical Officer has brought to the attention of the Government that an out-patient building should be constructed for Kunnamkulam Hospital; and if so,

(b) whether a copy of the orders passed by the Government be placed on the table;

(c) whether a portion of the building in which in-patients are accommodated is not being made use of for the out-patient department;

(d) whether the Government had sanctioned constructing an out-patient building; and if so,

(e) when was it and what step has been taken to give effect to it?

Dr. D. Raghavendra Rao.—(a) No.

(b) Does not arise.

(c) The out-patient and in-patient departments are in separate parts of the same building.

(d) No.

(e) Does not arise.

Mr. K. T. Mathew.—What is the shortest distance between the out-patient and in-patient departments?

Dr. D. Raghavendra Rao.—It is a part of the same building. The central part of the building is the out-patient department.

Mr. K. T. Mathew.—What is the shortest distance—approximately how many yards?

LIBRARY ARCHIVES Kerala Legislative Assembly